# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*107 30.01.2018 ൽ മറുപടിക്ക്**

**തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.വി.വിജയദാസ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നിർമ്മാണത്തിലെ പോരായ്മയും കനത്ത മഴയും കാരണം ഗതാഗതം ദുസ്സഹമാക്കും വിധം വ്യാപകമായി തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; | എ) തുടർച്ചയായുള്ള കനത്ത മഴ കാരണം വ്യാപകമായി റോഡുകൾ തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ അറ്റകുറ്റപണികൾക്കായി **2017-18** സാമ്പത്തിക വർഷം മഴക്കാല പൂർവ്വ പ്രവർത്തികൾക്കായി **21.75** കോടി രൂപ അനുവദിച്ച് പ്രവർത്തി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മഴക്കാല ശേഷപ്രവർത്തികൾക്കായി **243** കോടി രൂപ അനുവദിച്ച് ടി പ്രവർത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. നിർമ്മാണത്തിലെ അപാകത കാരണം പ്രവർത്തികളുടെ ചില ഭാഗങ്ങളിൽ ഉണ്ടാകുന്ന കേടുപാടുകൾ ടി പ്രവർത്തിയുടെ കരാറുകാരെ കൊണ്ടുതന്നെ പരിഹരിച്ചു വരുന്നുണ്ട്. |
| ബി) ജി.എസ്.ടി.അധിക ബാധ്യത ഉണ്ടാക്കുമെന്ന പേരിൽ, ഏറ്റെടുത്ത പണികൾ നടത്താൻ കരാറുകാർ വിസമ്മതിച്ചത് പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | ബി) ജി എസ് റ്റി അധികബാധ്യത ഉണ്ടാക്കുമെന്ന പേരിൽ, ഏറ്റെടുത്ത പണികൾ നടത്താൻ ചില കരാറുകാർ വിസമ്മതിച്ചതായുള്ള അവസ്ഥ പരിഹരിച്ചിട്ടുണ്ട്. ദേശീയ പാത വിഭാഗത്തിൽ മോർത്തിന്റെ **GOI/MO Finance FIB release dated 28/06/2017 & 06/10/2017** പ്രകാരം ജി.എസ്.റ്റി ഈടാക്കുന്നത് തല്ക്കാലം നിർത്തി വച്ചിരിക്കുകയാണ്. |
| സി) മഴയിൽ എളുപ്പം തകരാത്ത റബ്ബർ മിശ്രിത ടാറിംഗ് പോലെയുള്ള നവീന സാങ്കേതിക വിദ്യകൾ നിർമ്മാണ പ്രവൃത്തികളിൽ ഉപയോഗിക്കുന്നത് വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള പ്രവർത്തികളിൽ ബിറ്റുമിനസ് കോൺക്രീറ്റ് ഉപരിതലത്തിന്റെ നിർമ്മാണത്തിനായി നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിനസ് (NRMB) ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിക്കുന്നതിനായുള്ള എസ്റ്റിമേറ്റുകളിൽ NRMB ഉപയോഗിച്ചുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ